File No.PWR-C3/266/2018-POWER

# കേരള സർക്കാർ

നമ്പർ. സി3/266/2018/ഊ.വ

ഊർജ്ജ (സി) വകുപ്പ്
തിരുവനന്തപുരം
തീയതി: 26/03/2018

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കെ.എസ്.ഇ.ബി.എൽ, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, അനെർട്ട്, തിരുവനന്തപുരം.
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം.

സർ,

വിഷയം:- ഊർജ്ജ വകുപ്പ് - വിവരാവകാശനിയമം - പരിപത്രം - സംബന്ധിച്ച്.

SECRETARY (ADMINISTRATION)
KERALA STATE ELECTRICITY BOARD LTD.

സൂചന:- 21.02.2018 തീയതിയിലെ സി.ഡി.എൻ.5/14/18/പൊ.ഭ.വ നമ്പർ പരിപത്രം.

സൂചനയിലെ പരിപത്രത്തിന്റെ പകർപ്പ് ആവശ്യമായ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
SIJAN J ALAPPAT
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**കേരളസർക്കാർ**
**പൊതുഭരണ (ഏകോപനം) വകുപ്പ്**

സി.ഡി.എൻ.5/14/18/പൊഭവ

തിരുവനന്തപുരം, തീയതി: 21.02.2018

## പരിപത്രം

വിഷയം:- പൊതുഭരണ വകുപ്പ് -വിവരാവകാശ നിയമം, 2005 – സർക്കാർ ഉത്തരവുകളും മറ്റു സുപ്രധാന രേഖകളും കാലാനുസൃതമായി വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- മുഖ്യ വിവരാവകാശ കമ്മീഷണറുടെ 08.01.2018-ലെ കത്ത്.

.....

സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഭേദഗതികൾ മുതലായ സുപ്രധാന രേഖകൾ വകുപ്പുകളുടേയും, സ്ഥാപനങ്ങളുടേയും വെബ്സൈറ്റിൽ കാലാനുസൃതമായി പ്രസിദ്ധീകരിക്കാതിരിക്കുന്നത് വിവരാന്വേഷികളായ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിവരാവകാശ നിയമം 2005, വകുപ്പ്-4-ലെ വ്യവസ്ഥകൾ പ്രകാരം, ഓരോ വർഷവും വകുപ്പുതല വെബ്സൈറ്റ് കാലികമാക്കുന്നതിനും സ്ഥാപന സംബന്ധമായ വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്നതിനും പൊതു അധികാരികൾ മതിയായ താല്പര്യം കാട്ടുന്നില്ല. അതുപോലെതന്നെ, സുഗമമായ വീണ്ടെടുപ്പിനായി എല്ലാ രേഖകളും കൃത്യമായി പട്ടിക തയ്യാറാക്കി സൂചിക ചെയ്ത് സൂക്ഷിക്കുന്നതിന് എല്ലാ പൊതുഅധികാരികൾക്കുമുള്ള ഉത്തരവാദിത്തം പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. വിവരാവകാശ നിയമം നിലവിൽ വന്ന് 120 ദിവസത്തിനകം നിർബന്ധമായും പ്രസിദ്ധീകരിക്കണമെന്ന് അനുശാസിച്ചിട്ടുള്ളതും, വിവരാവകാശ നിയമത്തിലെ വകുപ്പ് 4(1) ബി (i) മുതൽ (xvii) വരെയുള്ള വകുപ്പുകൾ പ്രകാരമുള്ളതുമായ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാനും പൊതുഅധികാരികൾക്ക് പൂർണ്ണമായി കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ വിവരാവകാശ നിയമം, 2005-ന്റെ വകുപ്പ് 4(1) ബി (i) മുതൽ (xvii) വരെയുള്ള വ്യവസ്ഥകൾ അനുശാസിക്കുന്ന പ്രകാരം ഓരോ പൊതുഅധികാരിയും കാലികമായ വിവരങ്ങൾ ഉൾപ്പെടുത്തിയും, സ്ഥാപന സംബന്ധമായ വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തിയും തങ്ങളുടെ വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ പരിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് എല്ലാ വകുപ്പു മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

**ബിശ്വനാഥ് സിൻഹ IAS**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:- സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും.
എല്ലാ ജില്ലാ കലക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.